www.malankaralibrary.com

# വചനസുമം

## ഡിസംബർ 2022



## ജനനത്തിരുനാൾ ആശംസകൾ

# ഉള്ളടക്കം


## ദൈവത്തിന് വഴിയൊരുക്കിയ സ്നാപകൻ

ലൂക്ക 1:57 - 66

(04/12/2022)

ബ്രദർ. മാർട്ടിൻ മാത്യു ഒ.ഐ.സി

## സ്നേഹത്തിന്റെ നിയമം

മത്തായി 1:18-25

(11/12/2022)

ബ്രദർ. ആൽബിൻ കെ ജോസഫ് ഒ.ഐ.സി

## ക്രിസ്തുവിലേക്കുള്ള വഴി

(ലൂക്കാ 2:1-5)

(18/12/2022)

ബ്രദർ ലിൻസൺ മാത്യു ഒ.ഐ.സി

## ക്രിസ്തുമസ്: ദൈവിക പദ്ധതികളുടെ തിരിച്ചറിവിന്റെ കാലം

( മത്തായി 2:1-12

(25/12/2022)

ബ്രദർ ഡെറിൻ ജോസ് ഒ.ഐ.സി



# ദൈവത്തിന് വഴിയൊരുക്കിയ സ്നാപകൻ

**ലൂക്ക 1:57-66**

ബ്രദർ. മാർട്ടിൻ മാത്യു ഒ.ഐ.സി

ഏശയ്യായുടെ പ്രവചനത്തിന്റെ പൂർത്തീകരണമായ സ്നാപകയോഹന്നാന്റെ ജനനമാണ് തിരുസഭയാഘോഷിക്കുന്നത്. ഒരിടവേളയ്ക്കുശേഷമാണ് സ്നാപകയോഹന്നാൻ എന്ന പ്രവാചകന്റെ ജനനം സംഭവിക്കുന്നത്. കാരണം പഴയ നിയമത്തിലുടനീളം മനുഷ്യന് ദൈവവുമായുള്ള ബന്ധത്തിലുണ്ടാകുന്ന ന്യൂനതകളെ ചൂണ്ടികാണിക്കുവാനും അത് പരിഹരിക്കുവാനും പ്രവാചകൻമാർ വിളിക്കപ്പെടുന്നതായി കാണുന്നു. ഇതിന്റെ പിന്നിൽ വലിയൊരു ദൈവീക പദ്ധതിയാണുള്ളത്, "പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും പണിതുയർത്തുവാനും നട്ടു വളർത്തുവാനും വേണ്ടി" (ജറ 1:10) ദൈവം പ്രവാചകന്മാരെ അയക്കുന്നു. സ്നാപകയോഹന്നാൻ വന്നത് ശബ്ദം ആയിട്ടാണ്, വരാനിരിക്കുന്ന മിശിഹായായ യേശുവിന്റെ ശബ്ദമായിരുന്നു യോഹന്നാൻ പ്രവാചകൻ. ക്രിസ്തുവിന് വഴിയൊരുക്കുവാൻ വന്നവനായിരുന്നു സ്നാപകൻ. ദൈവത്തിന്റെ ശബ്ദമായി, സമൂഹത്തിലെ അനീതിക്കെതിരെ ഉയരുന്ന ശബ്ദമായി യോഹന്നാൻ വി. ഗ്രന്ഥത്തിൽ വ്യക്തമായി ഇത് സാക്ഷ്യപ്പെടുത്തുന്നു, "അവൻ വെളിച്ചമായിരുന്നില്ല വെളിച്ചത്തിനു സാക്ഷ്യം നല്കാൻ വന്നവനായിരുന്നു"(യോഹ 1:8). അവന്റെ സന്ദേശവും ശുശ്രൂഷയും നിയമത്തിന്റെയും പ്രവാചകന്മാരുടെയും പരിപൂർണ്ണത അടയാളപ്പെടുത്തി, അതോടൊപ്പം ദൈവരാജ്യത്തിന്റെ ലംഘനത്തെയും അറിയിച്ചു.

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം രൂപപ്പെടുത്തിയ ഒരു വ്യക്തിയായിരുന്നു സ്നാപക യോഹന്നാൻ. അവന്റെ ജനനം യൂദയായിലെ ജനങ്ങളിൽ വളരെയധികം പ്രത്യാശ ഉളവാക്കി. അദ്ദേഹത്തിന്റെ ജനനം കേട്ടവരെല്ലാം അവൻ ആരായിത്തീരും എന്ന് ചിന്തിച്ചു. ഇതുതന്നെയാണ് അദ്ദേഹം പരസ്യജീവിതം തുടങ്ങിയപ്പോഴും ജനങ്ങളിൽ നിന്നുണ്ടായ പ്രതികരണം. ഫരിസേയനായാലും ചുങ്കക്കാരനായാലും മാനസാന്തരത്തിലൂടെ മാത്രമെ രക്ഷ പ്രാപിക്കാനാവുകയുള്ളു. അവന്റെ പ്രഭാഷണങ്ങളിൽ പ്രധാനമായി കണ്ടിരുന്ന രണ്ട് കാര്യങ്ങളാണ്, ദൈവരാജ്യത്തിന്റെ ആഗമനവും, പിന്നെ ദൈവജനങ്ങളുടെ മാനസാന്തരത്തിനുള്ള ആഹ്വാനവും. ദൈവരാജ്യത്തിന്റെ അർഹത ലഭിക്കണമെങ്കിൽ മാനസാന്തരവും ഹൃദയപരിവർത്തനവും അത്യന്താപേക്ഷിതമാണ്. യോഹന്നാൻ 3:30 ൽ നാം വായിക്കുന്നു, "അവൻ വളരുകയും ഞാൻ കുറയുകയും വേണം" ഇത് കാണിക്കുന്നത് സ്നാപകന്റെ മനോഭാവമാണ്. "അവന്റെ ചെരുപ്പിന്റെ വാറ് അഴിക്കാൻപോലും ഞാൻ യോഗ്യനല്ല " (ലൂക്ക 3:1) എന്ന പ്രസ്താവന സ്നാപകനിലെ എളിമ വ്യക്തമാക്കുന്നു. ബൈബിളിൽ ദൈവം പേരുകൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്നതായി കാണുവാൻ സാധിക്കും. അബ്രാമിനെ അബ്രാഹാമാക്കിയതും, മറിയത്തെ കൃപ നിറഞ്ഞവൾ എന്നു വിളിക്കുന്നതും ചില ഉദാഹരണങ്ങളാണ്. യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം ദൈവം കൃപയുള്ളവൻ എന്നാണ്. അവന്റെ പ്രധാന ദൗത്യമെന്നത് കൃപാലുവായ ദൈവം തന്റെ കൃപയെ ഭൂമിയിലേക്ക് അയച്ചിരിക്കുന്നു എന്ന് ലോകത്തെ അറിയിക്കുകയായിരുന്നു. ദൈവത്തിന്റെ കരം സദാ യോഹന്നാനോടുകൂടെ ഉണ്ടായിരുന്നു. അത് തിരിച്ചറിഞ്ഞ യോഹന്നാൻ തന്റെ ദൗത്യത്തെക്കുറിച്ച് തികച്ചും ബോധവാനായിരുന്നു. ശിശുവിന്റെ കീർത്തി നാടെങ്ങും അിറഞ്ഞപ്പോഴും ഒരു സാധുവിനെപ്പോലെ എളിമയോടുകൂടി ജീവിക്കാൻ അദ്ദഹത്തെ സഹായിച്ചതും ഈ ബോധ്യമായിരുന്നു. യോഹന്നാനിൽ വർഷിച്ച ആത്മാവിനെ ദൈവം ഇന്ന് നമ്മിലേക്കും അയക്കുന്നുണ്ട്. ദൈവത്തിന്റെ ഈ സാമിപ്യം തിരിച്ചറിഞ്ഞു ദൈവഹിതമനുസരിച്ച് നമ്മുടെ ജീവിതത്തെ രൂപപ്പെടുത്താൻ നമുക്ക് സാധിക്കണം. വി. യോഹന്നാനെ പോലെ നാമെല്ലാവരും ഒരു ലക്ഷ്യത്തോടെയാണ് ജനിച്ചത്. ജനനം മുതൽ നമുക്ക് നല്കപ്പെട്ട സ്വന്തം ജീവിതത്തിൽ പ്രത്യേക ദൗത്യമുണ്ട്.

www.malankaralibrary.com



ഇവിടെ യോഹന്നാന്റെ ദൗത്യത്തിൽ നാം പങ്ക് ചേരുന്നു. അതായത് മറ്റുള്ളവർക്ക് ക്രിസ്തുവിനെ കണ്ടെത്താനുള്ള വഴി ഒരുക്കുക.

നമ്മുടെ ജീവിതത്തിലും പലവിധമായ ബലഹീനതകളുണ്ട്, ദൈവത്തിന്റെ കൃപ ഉണ്ടെങ്കിൽ മാത്രമെ അവയെ അകറ്റുവാൻ സാധിക്കൂ. നാം നിരന്തരം പ്രാർത്ഥനയിലൂടെ ശക്തി ചോദിക്കേണ്ടതുണ്ട്. സ്നാപകനെപോലെ ദൈവവുമായി സദാ സംഭാഷണത്തിലായിരിക്കുവാൻ സാധിക്കണം. സഖറിയായേയും എലിസബത്തിനെയും വാർദ്ധക്യത്തിൽ ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. പരിഹാസത്തിന് വിധേയരായ ദമ്പതികൾ ലോകരക്ഷകനായ യേശുവിന്റെ വഴി ഒരുക്കുന്നതിന് അവരുടെ മകനായ യോഹന്നാൻ ദൈവത്തിനുപകരണമായി. യോഹന്നാൻ ഒരു വലിയ ദൈവീക പദ്ധതിയുടെ ഭാഗമായിട്ടാണ് മനസ്സിലാക്കപ്പെടുന്നത്. എല്ലാം കഴിഞ്ഞു എന്നു ജീവിതത്തിൽ തോന്നുമ്പോൾ ദൈവം ഉറപ്പായും അതിശയകരമായ അത്ഭുതങ്ങൾ പ്രവർത്തിക്കും. നമ്മുടെ ബലഹീനതകളിലാണ് കർത്താവ് അത്ഭുതം പ്രവർത്തിക്കുന്നത്. വി. മാമോദീസ സ്വീകരിച്ചതുകൊണ്ട് മാത്രമായില്ല മറിച്ച് യേശുവിനെ ജീവിക്കുമ്പോൾ മാത്രമാണ് ജീവിതം പരിപൂർണ്ണമാകുന്നത്. ഇപ്രകാരം നമ്മെ ദൈവം ഭരമേൽപ്പിച്ച ദൈവീക ദൗത്യങ്ങൾ പൂർത്തിയാക്കി ക്രിസ്തുവിന്റെ ഉത്തമസാക്ഷികളാകാൻ നമുക്ക് പരിശ്രമിക്കാം.



# സ്നേഹത്തിന്റെ നിയമം

**മത്തായി 1:18–25**

ബ്രദർ. ആൽബിൻ കെ ജോസഫ് ഒ.ഐ.സി

വിശുദ്ധ സഭാമാതാവ് വിചിന്തനത്തിനായി നമുക്ക് നല്കിയിരിക്കുന്ന വചനഭാഗം മത്തായി 1:18–25 വരെയാണ്. യൗസേപ്പിതാവും മറിയവും തമ്മിലുള്ള വിവാഹം നിശ്ചയം കഴിഞ്ഞ് മറിയം ഗർഭിണിയാണെന്ന് യൗസേപ്പിതാവ് അറിയുകയും, അവളെ ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്ത സമയത്ത് ദൈവദൂതൻ സ്വപനത്തിൽ വന്ന് മറിയത്തെ സ്വീകരിക്കാനും, ജനിക്കുന്ന കുഞ്ഞിന് യേശു എന്നു പേരിട്ട് സംരക്ഷിക്കാനും അറിയിക്കുന്നതാണ് ഇന്നത്തെ വചനഭാഗത്തിന്റെ സാരാംശം.

സുവിശേഷകരിൽ മത്തായിയും ലൂക്കോസും മാത്രമാണ് യേശുവിന്റെ തിരുജനനത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. ലൂക്കോസ് മറിയത്തിനു പ്രാധാന്യം നല്കിയാണ് സുവിശേഷം രചിച്ചത്. മത്തായി യൗസേപ്പിതാവിനാണ് ഈ വചനഭാഗത്ത് ഊന്നൽ നല്കുന്നത്. കാരണം യേശുവിന്റെ ജനനത്തെപ്പറ്റി യഹൂദന്മാർ വിമർശനമുയർത്തിയിരുന്നു എന്നതിനാലാണ്. അതിനാൽ യഹൂദ ക്രിസ്ത്യാനികൾക്കുവേണ്ടി രചിക്കപ്പെട്ട ഈ സുവിശേഷത്തിൽ ആ വിമർശനത്തെ നേരിടുവാൻ സുവിശേഷകൻ പരിശ്രമിക്കുന്നുണ്ട്. യേശു പരിശുദ്ധാത്മാവിനാൽ ജഡംധരിച്ചെന്നും, നിയമപരമായി യൗസേപ്പിതാവിന്റെ മകനാണെന്നും, അതു വഴി ദാവീദിന്റെ വംശത്തിൽപ്പെട്ടവനാണെന്നും യഹൂദ ക്രൈസ്തവരെയും മറ്റു ക്രൈസ്തവരെയും ബോധ്യപ്പെടുത്തുന്നതിന്റെ ആവശ്യം മത്തായി മുന്നിൽക്കണ്ടാണ് യൗസേപ്പിതാവിനു പ്രാധാന്യം നല്കി സുവിശേഷം രചിച്ചത്.

ഇരുപതാം വാക്യത്തിൽ പറയുന്നു യൗസേപ്പിതാവ് നീതിമാനായിരുന്നു എന്ന്. ദൈവത്തിന്റെ ന്യായപ്രമാണത്തെ ആദരിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നവൻ എന്നാണർത്ഥം. ഇങ്ങനെയുള്ളവരായിരുന്നു സഖറിയായും ഭാര്യ എലിസബത്തും (ലൂക്ക 1:6), പുരോഹിതനായ ശിമയോനും ഹന്നാ പ്രവാചകിയും (ലൂക്ക 2:37) മറ്റും. അന്നത്തെ ദുഷിച്ച സമൂഹത്തിലെ വേറിട്ടുനിന്ന മനുഷ്യരായിരുന്നു അവർ. യൗസേപ്പിതാവ് യേശുവിന്റെ നിയമപരമായ പിതാവും സംരക്ഷകനുമായിരുന്നു. വിവാഹ ബന്ധം കൂടാതെ ഗർഭിണിയായി കാണപ്പെട്ട തന്റെ പ്രതിശ്രുത വധുവിനോടുള്ള മനോഭാവവും പെരുമാറ്റവും യൗസേപ്പിതാവിന്റെ നീതിനിഷ്ഠ വ്യക്തമാക്കുന്നു.

അദ്ദേഹത്തിന്റെ മുമ്പിൽ രണ്ടു മാർഗ്ഗമായിരുന്നു ഉണ്ടായിരുന്നത്. ഒന്ന് മറിയാമിനെ നിയമാവർത്തന പുസ്തകം 22:23 അനുസരിച്ച് നിയമപരമായി കല്ലെറിഞ്ഞു കൊല്ലുക. രണ്ട് രഹസ്യമായി ഉപേക്ഷണപത്രം കൊടുത്ത് അവളെ ഉപേക്ഷിക്കുക. ഇതിലെ രണ്ടാമത്തെ മാർഗ്ഗമാണ് യൗസേപ്പിതാവ് സ്വീകരിച്ചത്. അപ്രതീക്ഷിതമായ സംഭവങ്ങളോടും സാഹചര്യങ്ങളോടുമുള്ള പ്രതികരണം ഒരാളുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നതാണ്. മോശയുടെ നിയമം വള്ളിപ്പുള്ളിതെറ്റാതെ പാലിച്ചതിനാലല്ല യൗസേപ്പിതാവ് നീതിമാനായ യൗസേപ്പിതാവ് എന്ന നാമത്തിനർഹനായത്. പകരം സ്നേഹത്തിന്റെ നിയമത്തിലധിഷ്ഠിതമായി സാഹചര്യങ്ങളെയും ആളുകളെയും കാണുന്നതുകൊണ്ടും പ്രവർത്തിക്കുന്നതുകൊണ്ടുമാണ്. യൗസേപ്പിതാവിന്റെ മറിയത്തോടുള്ള പ്രതികരണം നിയമമാർഗ്ഗത്തിലധിഷ്ഠിതമായിരുന്നില്ല മറിച്ച് സ്നഹമാർഗ്ഗത്തിലൂന്നിയായിരുന്നു. യൗസേപ്പിതാവിന്റെ ഇപ്രകാരമുള്ള വ്യക്തിത്വം മൂലമാണ് ദൈവത്തിന്റെ പുത്രന്റെ സംരക്ഷണസ്ഥാനം ദൈവത്താൽ ലഭിച്ചത്. കാരണം മക്കൾ കണ്ടുപഠിക്കുന്നതു മാതാപിതാക്കളെയാണ്. മക്കളുടെ ആദ്യ

വിദ്യാലയം വീടും, ആദ്യ ഗുരുക്കന്മാർ മാതാപിതാക്കളുമാണ്. യേശുവിനു നന്മ ചൊല്ലിക്കൊടുക്കുന്നതിനപ്പുറം നന്മ കാട്ടികൊടുത്ത വ്യക്തിത്വമാണ് യൗസേപ്പിതാവിന്റേത്. സുവിശേഷത്തിൽ കാണുന്ന യൗസേപ്പിതാവ് പ്രതികരിക്കുന്നതായി കാണുന്നില്ല മറിച്ച് ഒരു മാനവചരിതം മുഴുവൻ ചിന്തിക്കുവാനും ജീവിക്കുവാനുമുള്ള മാതൃകയാവുകയാണ് ചെയ്യുന്നത്. ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത് (ഹോസിയ 6:6) എന്ന് ഹോസിയ പ്രവാചനെപ്പോലെ യേശുവിനു പറയുവാനും (മത്തായി 9:13) സീറോ-ഫിനീഷ്യൻ സ്ത്രീയുടെ യാചനകേൾക്കാനും തന്നെയൊറ്റിക്കൊടുക്കുവാൻ യൂദാസ് പോകുന്നു എന്നറിഞ്ഞപ്പോഴും അവന് അപ്പം മുറിച്ച് കൊടുക്കുവാനും യേശു പഠിച്ചത് ആ നീതിമാനായ പിതാവിൽ നിന്നാകണം. യേശുവിനെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർത്തുന്നതിനു യൗസപ്പിതാവിന്റെ പങ്ക് അതുല്യമായിരുന്നു. ഈ അത്യാധുനികകാലത്ത് യൗസേപ്പിതാവിനെ പോലെയുള്ള പിതാക്കന്മാരാകുവാനുള്ള ക്ഷണമാണ് ഇന്നത്തെ സുവിശേഷംഭാഗം നടത്തുന്നത്.

നമ്മുടെ മക്കൾ ഇന്ന് ആരുടെയെങ്കിലും മുമ്പിൽ തളർന്നുപോകുന്നുണ്ടെങ്കിൽ, ഏതെങ്കിലും സാഹചര്യത്തിൽ അടിപതറുന്നുണ്ടെങ്കിൽ അപ്രതീക്ഷിതമായ സംഭവങ്ങളോടും സാഹചര്യങ്ങളോടും നിസ്സംഗതപുലർത്തുന്നുണ്ടങ്കിൽ അതിനു കാരണം യൗസേപ്പിതാവിനെപോലെ വ്യക്തിത്വമുള്ള മാതാപിതാക്കളില്ലാത്തതുമൂലമാണ്. ഇരുപത്തിയഞ്ചു നോമ്പിലൂടെ കടന്നുപോകുന്ന ഈ സമയത്ത് യേശുവിന്റെ തിരുപിറവിയെ കാത്തിരിക്കുന്ന കാത്തിരിപ്പിന്റെ ഈ കാലയളവിൽ യൗസേപ്പിതാവിനെപ്പോലെ സ്നേഹത്തിന്റെ നിയമത്തിനു പ്രധാന്യം നല്കി നീതിനിഷ്ഠയോടുകൂടി ജീവിതം നയിക്കാൻ ഓരോരുത്തർക്കും സാധിക്കട്ടെ.

www.malankaralibrary.com





# ക്രിസ്തുവിലേക്കുള്ള വഴി

**(ലൂക്കാ 2:1 – 5)**

ബ്രദർ ലിൻസൺ മാത്യു ഒ.ഐ.സി

ലോക രക്ഷകനായ യേശുവിന്റെ ജനനത്തിനു വേണ്ടി പ്രതീക്ഷയോടെ, പ്രത്യാശയോടെ കാത്തിരിക്കുകയാണ് നാമോരോരുത്തരും. നാം ക്രിസ്തുമസ് തിരുന്നാളിനു വേണ്ടി നോമ്പും പ്രാർത്ഥനയും വഴിയായി നമ്മെത്തന്നെ ഒരുക്കുകയായിരുന്നു. ക്രിസ്തുമസ് തിരുന്നാളിനു മുമ്പുള്ള ഇന്നത്തെ ഞായറാഴ്ച്ച നമ്മൾ ധ്യാനിക്കുന്ന സുവിശേഷഭാഗം ലൂക്കോ 2:1-5 വരെയുള്ള തിരുവചനഭാഗമാണ്. ക്രിസ്തുവിന്റെ തിരുജനനത്തിന് മുന്നോടിയായി തിരുകുടുംബം ബേത്‌ലെഹെമിലേക്ക് നടത്തുന്ന യാത്രയാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ പ്രധാന പ്രതിപാദ്യ വിഷയം.

ദൈവം വാഗ്ദാനം നൽകിയ രക്ഷയുടെ അനുഭവം സ്വന്തം ജീവിതത്തിൽ അനുഭവവേദ്യമാകണെങ്കിൽ അതിനോടു ക്രിയാത്മ കമായി പ്രത്യുത്തരിക്കുക അത്യന്താപേക്ഷിതമാണ്. ദൈവം വിഭാവനം ചെയ്ത രക്ഷാകരപദ്ധതി നടപ്പിലാക്കുന്നതിൽ നാം ജീവിക്കുന്ന ലോകവും അതിലെ വസ്തുതകളും, സംഭവങ്ങളും ഉപകരണങ്ങളായി മാറുന്നത് എങ്ങനെയെന്ന് ഇന്നത്തെ സുവിശേഷ ഭാഗത്തിൽ നാം കാണുന്നുണ്ട്. അഗസ്റ്റസ് സീസറിന്റെയും, ക്വിറീനിയോസിന്റെയും കാലത്ത് നടന്നതായി ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്ന പേരെഴുതൽ നടന്നതിന് മറ്റൊരു രേഖ നമുക്ക് ലഭ്യമല്ല. പക്ഷേ സുവിശേഷകൻ ക്രോഡീകരിച്ച ചരിത്രസംഭങ്ങൾ അദ്ദേഹത്തിന് യേശുവിന്റെ ജനനം ബേത്‌ലഹേമിൽ നടന്നതിന് പശ്ചാത്തലം കൂടിയാണ് എന്ന വസ്തുത നമുക്ക് മനസ്സിക്കാൻ സാധിക്കും. ജറെ 23:5-8 വരെയുള്ള വാക്യങ്ങളിലും, 1 രാജാ 9:3-7 വരെയുള്ള വാക്യങ്ങളിൽ നമുക്ക് വളരെ വ്യക്തമായി മനസ്സിലാകുന്നത് ദൈവം വാഗ്ദാനം ചെയ്ത രക്ഷകൻ ജനിക്കുന്നത് ദാവീദ് രാജാവിന്റെ സന്താന പരമ്പരയിലാണ് എന്നാണ്. വീണ്ടും മിക്കാ 5:2 വാക്യത്തിൽ "ബേത്‌ലേഹേം, എഫ്രാത്ത, യൂദാ ഭവനങ്ങളിൽ നീ ചെറുതെങ്കിലും ഇസ്രായേൽ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നു പുറപ്പെടും. രക്ഷകൻ പിറക്കുന്നത് യൂദാ ഭവനത്തിന്റെ ബേത്‌ലേഹേമിലാണ്"എന്നുള്ള മിക്കാ പ്രവാചകന്റെ പ്രവചനം പൂർത്തിയാകുന്നതിന് നാം ഇന്ന് ധ്യാനവിഷയമാക്കിയ വചനഭാഗം സാക്ഷ്യം വഹിക്കുകയാണ്. ദൈവം നമുക്കു നൽകുന്ന രക്ഷയും, സ്നേഹവും, കൃപയും അനുഭവിക്കാൻ നാം ജീവിക്കുന്ന ലോകവും, അതിലെ വസ്തുതകളും, സംഭവങ്ങളും നമ്മെ തീർച്ചയായും സഹായിക്കും. പക്ഷെ ഏറ്റവും പ്രധാനമായി, ദൈവം നൽകുന്ന കൃപയോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്ന ആത്മപരിശോധന നാം നടത്തേണ്ടതായിട്ടുണ്ട്. ജോസഫിനും, പൂർണഗർഭിണിയായ മറിയത്തിനും, മാതാവിന്റെ ഉദരത്തിലെ പിഞ്ചുകുഞ്ഞിനും ഒട്ടും സുഖകരമായ അനുഭവമല്ല, തങ്ങളുടെ രാജാവിന്റെ കൽപന അനുസരിച്ച് സ്വദേശത്തേക്ക് യാത്രയാവുക എന്നത്. നസ്രത്തിൽ നിന്നും ബേത്‌ലെഹേം വരെയുള്ള ഏകദേശം 145 കിലോമീറ്റർ ദൂരം യാത്ര ചെയ്യുക ദുഷ്കരമാണെങ്കിലും തിരുകുടുംബം ആ യാത്ര നടത്തുമ്പോൾ, അത് പ്രവചനങ്ങളുടെ പൂർത്തീകരണത്തിന് വഴി ഒരുക്കുന്നു. ഏറ്റവും പ്രധാനമായ ലോകരക്ഷകന്റെ വരവിന്, നമ്മുടെ രക്ഷയ്ക്ക് തിരുകുടുംബം നടത്തുന്ന യാത്ര കാരണഭൂതമാവുകയാണ്.

നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട്ടിൽ ഉണ്ണിയേശു പിറക്കുവാൻ നാം ഒരു യാത്ര പുറപ്പെടണം എന്നതാണ് ഇന്നത്തെ തിരുവചനഭാഗം നമുക്ക് നൽകുന്ന സന്ദേശം. വിദ്വേഷത്തിൽ നിന്ന് സ്നേഹത്തിലേക്കും, അശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കും യാത്ര നടത്തുവാൻ നാം ഇന്ന് തയ്യാറാകുമ്പോൾ,

ക്രിസ്തു പിറക്കുന്ന പവിത്രമായ ഇടമായി നമ്മുടെ ഹൃദയം രൂപാന്തരപ്പെടും. നസ്രത്തിൽ ജീവിക്കുന്നത് സൗകര്യപ്രദമാണ് പക്ഷേ അത് ഒരിക്കലും അനുഗ്രഹപ്രദമാകുന്നില്ല. പലപ്പോഴും നമ്മുടെ വ്യക്തിപരമായ ജീവിതതലത്തിലും സാമൂഹിക തലത്തിലും ഇങ്ങനയൊക്കെ പോയാൽ മതി, ഇവിടെയൊക്കെ തന്നെ കഴിഞ്ഞുകൂടാം എന്ന ചിന്തയോടെയാണ് നാം ജീവിക്കുന്നത്. തീർച്ചയായും സൗകര്യപ്രദമായ ജീവിതം തന്നെയാണ് ജീവിക്കുന്നത്. ഭയപ്പെടുവാനും ആകുലനാകാനും ഒന്നും തന്നെയില്ല. പക്ഷേ പുതിയ രീതിയിൽ ചിന്തിക്കുവാൻ പുതിയ കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും നാം പരിശ്രമിക്കുമ്പോൾ അത് ബുദ്ധിമുട്ടുള്ള അനുഭവം തന്നെയാണ്. പക്ഷേ ഈ ബുദ്ധിമുട്ട്, പ്രയാസം കൂടാതെ പുരോഗതി ജീവിതത്തിൽ സംഭവിക്കുകയില്ല. ഇത്, സാമൂഹികതലത്തിലും നമ്മുടെ ആത്മീയ ജീവിതത്തിലും ബാധകമാണ്. സഭാപ്രസംഗകന്റെ പുസ്തകം നമുക്ക് നൽകുന്ന ഏറ്റവും പ്രധാനമായ സന്ദേശവും ജീവിതത്തിന്റെ ഓരോ ദിവസവും പുതുമ കണ്ടെത്തുവാനാണ് (സഭാപ്രസംഗകൻ 1:10-12). സുവിശേഷത്തിൽ തിരുകുടുംബം നടത്തുന്ന യാത്രയുടെ ലക്ഷ്യ സ്ഥാനം ദൈവത്തിന്റെ നഗരമാണ്. സ്വദേശത്തിലും സ്വഭവനത്തിലും പേരു എഴുതിചേർക്കുവാനുള്ള യാത്രയാണ് അവർ നടത്തിയത്. ഈ യാത്ര ദുഷ്കരമെങ്കിലും അത് നടത്തുവാൻ തയ്യാറായി സുവിശേഷത്തിലെ തിരുകുടുംബം. ഈ ഒരു വസ്തുത നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ഒരു തിരിഞ്ഞുനോട്ടം നടത്തുവാൻ ആഹ്വാനം നൽകുന്നുണ്ട്. ദൈവത്തിന്റെ ഹൃദയത്തിൽ, ജീവന്റെ പുസ്തകത്തിൽ നമ്മുടെ പേര് എഴുതി ചേർക്കപ്പെടുവാനുള്ള യാത്രകൾ നാം നടത്തുന്നുണ്ടോ? ലോകത്തിലുള്ള വസ്തുക്കളിലാണ് നമ്മുടെ മുഴുവൻ ശ്രദ്ധയെങ്കിൽ നമ്മുടെ പേരുകൾ ദൈവത്തിന്റെ ഹൃദയത്തിൽ എഴുത പ്പെടാതെ പോകുന്നു എന്നുള്ള ഓർമ്മപ്പെടുത്തൽകൂടിയാണ് ഇന്നത്തെ തിരുവചനഭാഗം. ദൈവത്തിന്റെ സൃഷ്ടിയായ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യസ്ഥാനം സ്രഷ്ടാവിൽ എത്തിചേരുക എന്നതാണ്. പക്ഷേ , സ്രഷ്ടാവ് സ്വയം നമ്മെ തേടി വന്നതാണ് ക്രിസ്തുമസ് തിരുന്നാൾ. ആ ക്രിസ്തുവിനെ സ്വീകരിക്കുവാൻ, ക്രിസ്തുവിനോട് ഒന്നായി തീർന്നു ജീവിക്കുവാൻ നമ്മുടെ ജീവിതത്തിൽ തടസ്സം നിൽക്കുന്ന സകല ദുശീലങ്ങളിൽ നിന്നും, വിദ്വേഷത്തിൽ നിന്നും, ലൗകീകതയിൽ നിന്നും ദൈവത്തിന്റെ സ്നേഹത്തിലേക്ക് നമുക്ക് യാത്ര തിരിക്കാം. ഈ ലോകത്തിന്റെ പ്രതിസമ്മാനത്തിനല്ല മറിച്ച് ദൈവം എഴുതുന്ന ജീവന്റെ പുസ്തകത്തിൽ അല്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിന്റെ മണവറയിലേക്ക് പ്രവേശിക്കുവാൻ നമുക്ക് പ്രയത്നിക്കാം.



# ക്രിസ്തുമസ്: ദൈവീക പദ്ധതികളുടെ തിരിച്ചറിവിന്റെ കാലം

**മത്തായി 2:1 – 12**

ബ്രദർ ഡെറിൻ ജോസ് ഒഐസി

ദൈവസ്നേഹത്തിന്റെ ആഴങ്ങൾ വെളിവാക്കുന്ന ദൈവപുത്രന്റെ ജനനം നാം കൊണ്ടാടുകയാണ്. യൽദാ കാലഘട്ടത്തിലേക്കു നാം പ്രവേശിക്കുമ്പോൾ ദൈവീകപദ്ധതിയുടെ അനന്യതയും വ്യതിരിക്തയും തിരിച്ചറിയുവാനുള്ള കാലഘട്ടമാണിത്. അശാന്തിയുടെയും, ആവലാതികളുടെയും, നടുവിൽ സ്നേഹമന്ത്രം ചൊല്ലിക്കൊണ്ട് സമാധാന രാജാവ് പിറന്നുവീണ സന്തോഷം ഭൂവെങ്ങും കൊണ്ടാടുമ്പോൾ ആ സംഭവത്തിന്റെ പിന്നിലെ ദൈവീകപദ്ധതി നാം കൂടുതൽ മനസ്സിലാക്കേണ്ടണ്ടിയിരിക്കുന്നു. കാടിന്റെ വന്യതയിലോ, കൊട്ടാരത്തിലെ വശ്യതയിലോ അല്ല അവൻ പിറന്നു വീണത്. മറിച്ച് ഇല്ലായ്മകളുടെ, ദാരിദ്ര്യത്തിന്റെ, എളിമയുടെ പ്രതീകമായ കാലിത്തൊഴുത്തിലാണ്. ലോകം സൃഷടിച്ചവന് ലോകസൃഷ്ടികളിൽ ഒന്നും തന്റെ ജനനത്തിന് മതിയായില്ല എന്നതു ദൈവീക നിയോഗമാണ്. ഈ ദൈവീകനിയോഗം തിരിച്ചറിഞ്ഞ ചുരുക്കം ചില വ്യക്തികളുടെ കഥകൂടി യൽദാ കാലഘട്ടം നമുക്ക് പറഞ്ഞു തരും. അത്തരത്തിലുള്ള ദൈവീക പദ്ധതി തിരിച്ചറിഞ്ഞവരുടെ ജീവിതപാഠം നമ്മുടെ വിശ്വാസ പന്ഥാവിനു ഊർജ്ജം പകരും.

സഭാമാതാവു ക്രിസ്തുമസ് ദിനത്തിൽ നമ്മുടെ ധ്യാനത്തിനു നൽകിയിരിക്കുന്ന വേദഭാഗം വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 2-ാം അദ്ധ്യായം ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള വാക്യങ്ങളാണ്. യേശു മിശിഹായുടെ ജനനവും, കിഴക്കു നിന്നു വന്ന ജ്ഞാനികളുടെ സന്ദർശനവും കാഴ്ച്ച സമർപ്പണവുമാണ് സുവിശേഷപശ്ചാത്തലം. ഈ വേദഭാഗത്തിൽ പരാമർശിച്ചിരിക്കുന്ന ഓരോ വാക്യങ്ങളും ദൈവീക പദ്ധതിയിലേക്കു വിരൽ ചൂണ്ടുന്നു. നസ്രായനായ ജോസഫ് പേരെഴുതിക്കാൻ വേണ്ടണ്ടി ദാവീദിന്റെ നഗരമായ ബേത്‌ലഹേമിലേക്കു വരുന്നത് ദൈവീക പദ്ധതിയാണ്. ദാവീദിന്റെ ഗോത്രത്തിൽ ജാതം ചെയ്തതവൻ ഇസ്രായേൽ ഭരിക്കുമെന്ന പ്രവാചക ശബ്ദം അതുവഴി പൂർത്തിയായി. ബേത്‌ലഹേം എന്ന നഗരം, ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു നഗരം, ദൈവപുത്രന്റെ ജന്മ നഗരമായി ഭവിച്ചു. മിക്കാ പ്രവാചകന്റെ ഈ പ്രവചനം പൂർത്തിയാകുന്നതു വഴി പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു മിശിഹായുടെ ജനനം എന്ന സത്യം വെളിവാക്കപ്പെടുകയാണ്. സ്വന്തം നഗരമായിരിന്നിട്ടുകൂടി ദരിദ്രനാകയാലും, പേരെഴുതിക്കാൻ വന്നവരുടെ തിരക്കാൽ മുഖരിതമായ സത്രങ്ങളാലും ജോസഫിന് മേരിക്കു സുരക്ഷിതമായ ഒരു പ്രസവസ്ഥലം ഒരുക്കുവാൻ കഴിയുന്നില്ല. ദാരിദ്രത്തിന്റെയും ഇല്ലായ്മയുടെയും പ്രതീകമായ ഒരു കല്ലിടാവാണു ദൈവ പുത്രനു ജന്മസ്ഥലമാകുന്നത്. ഗോശാലയുടെ ദുർഗഗന്ധത്തിലും പുൽമെത്തയുടെ അസ്വസ്ഥതയിലുമാണ് രാജാധിരാജൻ പിറന്നു വീഴുന്നത് എന്നു പറയുമ്പോൾ യഹൂദനായിരിന്നിട്ടും യഹൂദ ഭവനങ്ങൾക്ക് അവന് ജന്മഗൃഹമാകുവാൻ അവസരം ലഭിച്ചില്ല. പ്രകൃതിയുടെ മടിത്തട്ടിൽ, കാലിക്കിടാങ്ങളുടെ കാൽചുവട്ടിൽ എല്ലാം സ്വന്തമായവന്റെ ജനനം ദൈവീക പദ്ധതിയായിരുന്നു.

പൗരസ്ത്യദേശത്തു നിന്നു എത്തിയ 'രാജാക്കന്മാർ' മൂവരും യഹൂദരല്ല എന്ന ചരിത്ര സത്യവും ദൈവീക പദ്ധതിയുടെ അനന്യത വെളിവാക്കുന്നു. വിജാതിയരായിരുന്നിട്ടും ദൈവീക പദ്ധതി തിരിച്ചറിയാൻ മൂവർക്കും സാധിച്ചു. കാസ്പർ, മെൽക്കിയോർ, ബൽതസർ എന്നിവരായിരുന്നു ഈ മ്ഗൂശന്മാർ (ജ്ഞാനികൾ) എന്ന് ചരിത്രപണ്ഡിതർ പറയുന്നു. ഇവരുടെ സന്ദർശനം ഒരു ഐതിഹമോ, അസാധാരണ സംഭവമോ അല്ല മറിച്ച്, ദൈവീകപദ്ധതിയുടെ ഒരു അദ്ധ്യായം മാത്രമാണ്.

ഒരു ശിശുബേത്‌ലഹേമിൽ പിറക്കുവാൻ പോകുന്നുവെന്ന തിരിച്ചറിവും ആ ശിശു ഇസ്രായേൽ ഭരിക്കാൻപോകുന്ന രാജാവാണെന്നുമുള്ള തിരിച്ചറിവ് ദൈവീകമാണ്. ഓരോ രാജാവും സ്ഥാനമേൽക്കുമ്പോൾ ഓരോ നക്ഷത്രം ജനിക്കുന്നുവെന്ന ഐതീഹമല്ല അവരെ കാലിതൊഴുത്തിൽ കൊണ്ടെത്തിച്ചത്. മറിച്ച് അവരെ കാലിത്തൊഴുത്തിലേക്ക് നയിച്ച നക്ഷത്രത്തിന്റെ ദൈവീകചലനമാണ് അതിനു അവരെ പ്രാപ്തരാക്കിയത്. ജ്ഞാനികൾ അർപ്പിച്ച കാഴ്ചകൾ ആ ദൈവീക ജ്ഞാനത്തിന്റെ പ്രതിഫലനമാണ്. സ്വർണ്ണം രാജത്വത്തിനെയും, കുന്തിരിക്കം പൗരോഹിത്യത്തെയും, മീറാ മനുഷ്യത്വത്തെയും വരച്ചു കാട്ടുന്ന പ്രതീകങ്ങളായിരുന്നു. അതുവഴി യേശുമ്ശീഹാ രാജാവും, പുരോഹിതനും, മനുഷ്യപുത്രനുമാണെന്നുള്ള സത്യത്തിന്റെ ഉദ്ഘോഷണം കൂടിയായിരുന്നു ആ കാഴ്ചയർപ്പണം. കാഴ്ച്ചയർപ്പണം കാഴ്ച്ചപാടുകളുടെ തികവാണ്.കാരണം “പൊന്ന് രാജകീയ പ്രതീകമായും, വെള്ളവസ്ത്രമെന്നത് പൗരോഹിത്യ പ്രതീകമായും, കണ്ണിലെഴുതാൻ ലേപനമെന്ന പ്രവാചക പ്രതീകമായും” (വെളി 3:18) വെളിപാടു പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. ചുരുക്കത്തിൽ കാഴ്ച്ച വസ്തുക്കൾക്കപ്പുറം അതുകൊണ്ടണ്ടുവരാനിടയാക്കിയ ജ്ഞാനികളുടെ കാഴ്ചപ്പാടാണ് നാം ചിന്താവിഷയമാക്കേണ്ടത്. വിജാതിയരായിരുന്നിട്ടും, ദൈവീക പദ്ധതിയെ തിരിച്ചറിഞ്ഞ് യേശുമിശിഹായെ രാജാവും, പുരോഹിതനും മനുഷ്യപുത്രനുമായി പ്രഘോഷിക്കുകയായിരുന്ന അവരുടെ സന്ദർശനം ദൈവീക പദ്ധതിയുടെ മഹനീയതയാണ്. ജ്ഞാനികളും, പണ്ഡിതരും ഇസ്രായേലിൽ ഉണ്ടായിരിക്കെ ദൈവീക രഹസ്യം തിരിച്ചറിഞ്ഞത് പരദേശികളും, വിജാതിയരുമായ മൂന്നുപേരാണ്. രാജാക്കന്മാർ ഇസ്രായേലിൽ ഉണ്ടണ്ടായിരിക്കെ ഈ ദൈവീക രഹസ്യം തിരച്ചറിഞ്ഞത് നിസാരരായ അശക്തരായ ആട്ടിടയന്മാരാണ്. ആഢംബര സൗധങ്ങൾ ഇസ്രായേലിൽ ഉണ്ടായിരിക്കേ ഈ ദൈവീകരഹസ്യത്തിനു സാക്ഷ്യം വഹിച്ചതൊരു കാലിത്തൊഴുത്താണ്. മഹാനഗരങ്ങൾ ഇസ്രായേലിൽ ഉണ്ടായിരിക്കെ ഈ സംഭവ വികാസങ്ങൾ അരങ്ങേറുന്നതു ചെറുപട്ടണമായ ബേത്‌ലഹേമിലാണ്. അങ്ങനെ ദൈവീക മാഹാത്മ്യം വെളിപ്പെടുന്നത് കാഴ്ച്ചയിൽ ചെറുതും, അയോഗ്യമാണെന്നും മുദ്രകുത്തപ്പെട്ടവയിലാണെന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു.

പഴയനിയമ സമാന്തര വായനകൾ ഈ വാദത്തെ ശക്തിപ്പെടുത്തുന്നു. ഉൽപ്പത്തി പുസ്തകത്തിലെ ഇസഹാക്കിന്റെ ജനനം (ഉൽപ 21:1-8) ദൈവീക പദ്ധതിയുടെ വെളിവാക്കലായിരുന്നു, ദാസിയായ ഹാഗാറിനെയും അവളുടെ സന്തതിയെയും തള്ളി ദൈവം തിരെഞ്ഞെടുക്കുന്നത് അബ്രഹാത്തിന്റെ ഭാര്യയായ സാറായെയാണ്. മാനുഷിക കണ്ണുകളിൽ നിന്ദ്യതയുടെ പ്രതീകമായ വന്ധ്യതയെ മാറ്റി സന്താനപുഷ്ടിയുള്ളവളാക്കി അവളെ ദൈവം മാറ്റി. അതുവഴി ദൈവത്തിനൊന്നും അസാധ്യമല്ല എന്നു വെളിവാക്കപ്പെട്ടു. വന്ധ്യത എന്ന നിന്ദ്യതയിൽ നിന്നും ദൈവമുയർത്തിയ ചില കഥാപാത്രങ്ങളാണ് റബേക്ക, റാഹേൽ, ഹന്നാ, സാംസണിന്റെ അമ്മ, ഷൂനേംകാരിയായ സ്ത്രീ എന്നിവർ. ഇവരൊക്കെ ചരിത്രത്തിൽ ദൈവത്തിനൊന്നും അസാധ്യമല്ലെന്നു അടിവരയിട്ടു പറയുന്ന കഥാപാത്രങ്ങളാണ്. ഈ സംഭങ്ങളുടെ വെളിച്ചത്തിൽ മ്ശിഹായുടെ ജനനം ദൈവപദ്ധതി പ്രകാരമാണെന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബേത്‌ലഹേമിലാണ് അവന്റെ ജനനം (മിക്കാ:1-4), ആധിപത്യം അവന്റെ തോളിലിരിക്കും (ഏശയ്യാ 9:1-7), കന്യക അവനെ പ്രസവിക്കും (ഏശയ്യാ 7:14) എന്നിങ്ങനെയുള്ള പ്രവാചക ശബ്ദങ്ങളുടെ പൂർത്തീകരണം യേശു മ്ശീഹായുടെ ജനനം വഴി പൂർത്തിയാകുമ്പോൾ ദൈവത്തിനൊന്നും അസാധ്യമല്ലന്നുള്ള വസ്തുത ഒരിക്കൽ കൂടി ചരിത്രത്തിൽ വെളിവാക്കപ്പെട്ടു. അതേപ്പോലെ ദൈവീക പദ്ധതിയിൽ ജനിച്ച യേശുമ്ശീഹാ രാജാവാണെന്നും (വെളി 19:16), മനുഷ്യപുത്രനാണെന്നും (മത്താ 9:6), നിത്യപുരോഹിതാണെന്നും (ഹെബ്ര 7:16) പുതിയനിയമവും സാക്ഷ്യപ്പെടുത്തുന്നു. അങ്ങനെ പഴയനിയമവും, പുതിയനിയമവും ഒരേപ്പോലെ ദൈവീക പദ്ധതിയുടെ അനന്യതയും, ദൈവസ്നേഹത്തിന്റെ ആഴവും വെളിവാക്കുന്നു.

ഈ ക്രിസ്തുമസ് കാലഘട്ടത്തിൽ ഈ വേദഭാഗങ്ങൾ നമ്മോടെന്താണ് സംവദിക്കുന്നത്? ദൈവീകപദ്ധതി മാനുഷിക പദ്ധതികളെപ്പോലെയല്ല, മറിച്ച് അവ സ്നേഹ നിബദ്ധവും, ശാന്തി കേന്ദ്രീകൃതവുമാണ്.

എന്നാൽ ചരിത്രത്തിൽ ഈ തിരിച്ചറിവ് ലഭിച്ചവർ ചുരുക്കമാണ്. ദൈവീക തിരെഞ്ഞെടുപ്പുകളിൽ ഇവ വ്യക്തമാണ്. മക്കളിൽ ഇളയവർ, അശക്തരിൽ അശക്തൻ, വന്ധ്യകൾ, പാപികൾ, തഴയപ്പെട്ട വർ തള്ളപ്പെട്ടവർ, വേശ്യകൾ വിജാതിയർ അങ്ങനെ ദൈവീക പദ്ധതി തിരച്ചറിഞ്ഞവരിൽ ഏറിയ പങ്കും സമൂഹത്തിലെ എളിയവർ എന്നു മുദ്രകുത്തപ്പെട്ടവരാണ്,. ഇവരിൽ പൊതുവായി കാണുവാൻ സാധിക്കുന്നത് അവരുടെ ദൈവാശ്രയബോധമാണ്. ജീവിതത്തിൽ കുറവുള്ളവരും എളിയവരുമായിരുന്നിട്ടും അവർ ദൈവത്തെയും ദൈവീകപദ്ധതികളെയും തള്ളി പറഞ്ഞു ജീവിച്ചവരല്ല. മറിച്ച് ദൈവം തങ്ങളുടെ ജീവിതത്തിൽ ഇടപെടുമെന്ന് ശക്തമായി വിശ്വസിച്ചവരാണ്. അങ്ങനെ ആവലാതികൾ ഇല്ലാത്ത ദൈവാശ്രയ ബോധത്തിലാണ് ദൈവിക വെളിപാടുകൾ കടന്നുവരുന്നത്. ആഗ്ലേയ പ്രസംഗകനും ചിന്തകനുമായ ജോർജ് മ്യൂളർ പറയുന്നതുപോലെ "ആവലാതികൾ വിശ്വാസത്തിന്റെ അന്ത്യവും, വിശ്വാസത്തിന്റെ ആരംഭം ആവലാതികളുടെ അവസാനവുമാണ്". ആവലാതികൾ അവസാനിക്കുമ്പോഴാണ് വിശ്വാസം ജനിക്കുന്നത്. അതിനാൽ പിറുപിറുപ്പുകളില്ലാതെ ആവലാതികളില്ലാതെ ജീവിത പ്രയാസങ്ങളെ നേരിടാൻ നമുക്ക് പരിശ്രമിക്കാം. തന്റെ ജീവിതത്തിലെ ദുഃഖങ്ങളെ പഴിച്ചവരല്ല പരി.അമ്മയും വി. യൗസോപ്പു പിതാവും. ക്രിസ്തുമസ് എന്ന സദ്വാർത്ത അവർക്ക് സമ്മാനിച്ചത് ദുഃഖമായിരുന്നെങ്കിലും അവരുടെ ദൈവീക പദ്ധതിയിലുള്ളവിശ്വാസം അനേകർക്കു സന്തോഷമായി ഭവിച്ചു. വിശുദ്ധരെ പോലെ ജീവിതത്തിലെ ദുഃഖസമയങ്ങളിൽ ദൈവീക പദ്ധതിയിൽ വിശ്വസിച്ച് നമുക്ക് ദൈവാശ്രയബോധത്തിൽ ജീവിക്കാം. ഒറ്റപ്പെടലുകളിൽ, ഒറ്റിക്കൊടുക്കലുകളിൽ, കുത്തു വാക്കു കളിൽ പരിഹാസവേളകളിൽ തളർന്നുപോകാതെ നമുക്കായി ദൈവമൊരുക്കിയ ദൈവീക പദ്ധതിയിൽ പൂർണ്ണമായി നമുക്ക് വിശ്വസിക്കാം. അങ്ങനെ ജ്ഞാനികൾ വിശ്വാസത്താൽ അർപ്പിച്ച കാഴ്ച്ചകൾ പോലെ സദ്പ്രവർത്തികൾ വിശ്വാസഫലമായിനമ്മിൽ നിന്നും ആവിർഭവിക്കട്ടെ. ദൈവീക പദ്ധതികൾക്കായി കാതോർക്കാം, അവയിൽ വിശ്വസിക്കാം, ആ തിരിച്ചറിവുകളിൽ നിന്ന് നല്ല പ്രവർത്തികൾ വാർത്തെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

മാറുന്ന കാലഘട്ടത്തിൽ മാറാത്ത വിശ്വാസത്തിൽ നമുക്കു ജീവിക്കാം. ദൈവത്തിനസാധ്യമായി ഒന്നു മില്ലെന്ന വിശ്വാസത്തിൽ രക്ഷകന്റെ ജനനത്തിൽ പങ്കുചേരാം. നമുക്കെല്ലാവർക്കും ഒരു ദൈവീക പദ്ധതി അന്വർത്ഥമാക്കാനുണ്ടെന്ന ബോധ്യത്തിൽ ലോകത്തിനു സദ്പ്രവർത്തികൾചെയ്യാം. സദ്പ്രവർത്തികൾ ദൈവസന്നിധിയിൽ കാഴ്ച്ചയായി അർപ്പിച്ച് സത്യദൈവത്തെ രാജാവും ദൈവവുമായി നമുക്കാരാധിക്കാം.

www.malankaralibrary.com



# HAPPY CHRISTMAS

# HAPPY NEW YEAR

**BETHANY VEDAVIJNANA PEETH**
**Ramwadi, Pune - 411 014,**
**Maharashtra, India**
bvp.vachanasumam@gmail.com

www.malankaralibrary.com